# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 19<br>August 19 | 2018 |
|---|---|

*1193 ചിങ്ങം 3 ഞായർ*

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മെഡിക്കൽ ഹബ്ബിൽ നിന്നും സഞ്ചരിക്കുന്ന മെഡിക്കൽ സംഘം**

ദുരിതബാധിതർക്ക് വൈദ്യസഹായം എത്തിക്കാൻ മെഡിക്കൽ ഹബ് പ്രവർത്തനം ആരംഭിച്ചു. ഇവിടെ നിന്നും സഞ്ചരിക്കുന്ന മെഡിക്കൽ സംഘം വിവിധ ക്യാമ്പുകളിൽ മരുന്നുമായി എത്തി സേവനം നൽകും. 100 ഡോക്ടർമാരുടെ സേവനമാണ് മെഡിക്കൽ ഹബ്ബിൽ ലഭ്യമായിട്ടുള്ളത്. സ്വകാര്യ-സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരാണ് മെഡിക്കൽ ഹബ്ബിലുള്ളത്. വിവിധ ജില്ലകളിൽ നിന്നും എത്തിയിട്ടുള്ളവരുടെയും ബാംഗ്ലൂരിൽ നിന്നുള്ള ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. പുഷ്പഗിരി മെഡിക്കൽ കോളജ്, ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ തുടങ്ങിയ സ്വകാര്യ ആശുപത്രിയിലെയും ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമായിട്ടുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിലും തിരുവല്ല താലൂക്ക് ആശുപത്രിയിലുമായാണ് മെഡിക്കൽ ഹബ് ആരംഭിച്ചിട്ടുള്ളത്. എൻഎച്ച്എം ജില്ലാ പ്രൊജക്ട് മാനേജർ ഡോ.എബി സുഷന്റെ നേതൃത്വത്തിലാണ് ഹബ്ബിന്റെ പ്രവർത്തനം നടക്കുന്നത്. ഹബ്ബിൽ നിന്നും വിവിധ ക്യാമ്പുകളിലേക്ക് പുറപ്പെടുന്ന മെഡിക്കൽ സംഘത്തിൽ ഡോക്ടർ, നഴ്സ്, അസിസ്റ്റന്റുമാർ തുടങ്ങിയവർ ഉണ്ടാവും. ജീവിത ശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട മരുന്ന് ലഭിക്കാതെ വിഷമിക്കുന്നവരും പനി, ചുമ, തലവേദന പോലുള്ള ചെറിയ രോഗങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരെയും അടിയന്തര വൈദ്യസഹായം ആവശ്യമുള്ളവർക്കും സംഘം സേവനങ്ങൾ നൽകിത്തുടങ്ങി.

(പിഎൻപി 2306/18)

**ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ഭക്ഷണവിതരണം ഏകോപിപ്പിച്ച് ഹബ്ബുകൾ**

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് വിവിധ സ്ഥലങ്ങളിൽ നിന്നെത്തിക്കുന്ന ഭക്ഷ്യസാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും ശേഖരിച്ച് കാലതാമസം കൂടാതെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിക്കുന്നതിന് ജില്ലയിൽ അടൂർ മർത്തോമ്മ യൂത്ത് സെന്റർ കേന്ദ്രമാക്കി പ്രധാന ഹബ്ബ് പ്രവർത്തിക്കുന്നു. ഇതിന് പുറമേ കോഴഞ്ചേരി സെന്റ്തോമസ് കോളേജ്, കോന്നി, റാന്നി, മല്ലപ്പള്ളി താലൂക്ക് ഓഫീസുകൾ, തിരുവല്ല എംജിഎം സ്കൂൾ, ജില്ലാ കളക്ടറേറ്റ് എന്നിവിടങ്ങളിൽ ആറ് സബ് ഹബ്ബുകളും പ്രവർത്തിക്കുന്നു. പ്രധാന ഹബ്ബിലെത്തുന്ന സാധനസാമഗ്രികൾ സബ് ഹബ്ബുകളിലെത്തിക്കാതെ തന്നെ ആവശ്യാനുസരണം ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. സബ് ഹബ്ബുകളിലെത്തുന്ന സാധനങ്ങളും ഇതേ രീതിയിൽ ക്യാമ്പുകളിലേക്ക് വിതരണം ചെയ്തുവരുന്നു. അടൂരിലെ പ്രധാന ഹബ്ബിൽ ഇന്നലെ 25ഓളം വാഹനങ്ങളിൽ ഭക്ഷ്യസാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും എത്തിയിരുന്നു. തിരുവനന്തപുരം എസ്എം സ്കൂൾ, കന്യാകുമാരിയിലെ സന്നദ്ധസംഘടനകൾ, തിരുവനന്തപുരം വിമൻസ് കോളേജ്, കൊല്ലം കളക്ടറേറ്റ്, തിരുവനന്തപുരം വി.എം ഹൈസ്കൂൾ, കന്യാകുമാരി ജില്ലാ ഭരണകൂടം, തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂൾ, അടൂർ രാഹുൽ, പട്ടം ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂൾ, തിരുവനന്തപുരം ഹാൻടെക്സ്, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ്, പ്രൊഫ.ഡി.കെ.ജോൺ, പേര് വെളിപ്പെടുത്താത്ത വിവിധ വ്യക്തികൾ, സംഘടനകൾ എന്നിവരുടെ ചുമതലയിലാണ് സാധനങ്ങൾ എത്തിച്ചത്. വലിയ ട്രക്കുകൾ മുതൽ ചെറിയ ജീപ്പുകളിൽ വരെയാണ് വിവിധ വ്യക്തികളും സംഘടനകളും സാധനങ്ങൾ എത്തിച്ചത്. സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ റവന്യു ജീവനക്കാരുടെ നേതൃത്വത്തിൽ പോലീസിന്റെ കൂടി സഹായത്തോടെയാണ് സാധനസാമഗ്രികൾ ക്യാമ്പുകളിലേക്ക് എത്തിച്ചത്. ഹബ്ബുകളിലെത്താതെ തന്നെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നേരിട്ടും ധാരാളം ഭക്ഷണ സാധനങ്ങളും മറ്റ് സാമഗ്രികളും എത്തുന്നുണ്ട്.

അടൂരുള്ള പ്രധാന ഹബ്ബിന്റെ ഏകോപന ചുമതല അഡീഷണൽ തഹസീൽദാർ നവീൻബാബുവിനാണ്. കോഴഞ്ചേരി ഹബ്ബിന്റെ ചുമതല പവർഗ്രിഡ് സ്പെഷ്യൽ തഹസീൽദാർ രാജലക്ഷ്മിക്കും കോന്നി താലൂക്ക് ഓഫീസിന്റേത് ഡെപ്യൂട്ടി തഹസീൽദാർ തുളസീധരൻ നായർക്കും റാന്നിയിലേത് ഡെപ്യൂട്ടി തഹസീൽദാർ ജോൺ സാമിനും മല്ലപ്പള്ളി താലൂക്ക് ഓഫീസിന്റേത് ഡെപ്യൂട്ടി തഹസീൽദാർ ഡി.അജയനും തിരുവല്ല എംജിഎം സ്കൂളിലെ ഹബ്ബിന്റെ ചുമതല ആർആർ തഹസീൽദാർ വി.എസ്.വിജയകുമാറിനുമാണ് നൽകിയിട്ടുള്ളത്. കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ഹബ്ബിന്റെ ഏകോപനം നിർവഹിക്കുന്നത് എൽഎ തഹസീൽദാർ ചന്ദ്രശേഖരക്കുറുപ്പിനാണ്.

(പിഎൻപി 2307/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 19<br>August 19 | 2018 |
|---|---|

*1193 ചിങ്ങം 3 ഞായർ*

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് 1500 ജീവനക്കാരെ നിയോഗിച്ചു**

ജില്ലയിലെ അഞ്ഞൂറോളം വരുന്ന ദുരിതാശ്വാസ ക്യാമ്പുകളിലെ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് വിവിധ വകുപ്പുകളിലെ 1500 ജീവനക്കാരെ നിയോഗിച്ച് ജില്ലാ കളക്ടർ ഉത്തരവായി. ഓരോ ക്യാമ്പിലും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള മൂന്ന് ജീവനക്കാരായിരിക്കും പ്രവർത്തനങ്ങൾ നടത്തുക. ഇതിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അടിയന്തരമായി നിയോഗിക്കപ്പെട്ടിട്ടുള്ള ക്യാമ്പുകളിൽ എത്തണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു.

(പിഎൻപി 2308/18)




# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ആഗസ്റ്റ് 19**
**August 19** **2018**

***1193 ചിങ്ങം 3 ഞായർ***

# പത്രക്കുറിപ്പ് 3



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


**സേവന നിരതരായി സന്നദ്ധപ്രവർത്തകർ ഹബ്ബുകളിൽ**

പ്രളയദുരിതം നേരിടുന്നതിന് സർക്കാർ സംവിധാനങ്ങളോടൊപ്പം കൈയും മെയ്യും മറന്ന് പൂർണസമയവും കർമനിരതരായി പ്രവർത്തിക്കുകയാണ് ഹബ്ബുകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർ., അടൂർ മാർത്തോമ യൂത്ത് സെന്റർ, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, കോന്നി, റാന്നി, മല്ലപ്പള്ളി താലൂക്ക് ഓഫീസുകൾ, തിരുവല്ല എജിഎം സ്കൂൾ എന്നിവിടങ്ങളിലാണ് ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനെത്തുന്ന സാധനസാമഗ്രികൾ ഏറ്റുവാങ്ങുന്നത്. ഈ ഹബ്ബുകളിൽ സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും സഹായിക്കുന്നത് സന്നദ്ധ പ്രവർത്തകരാണ്. ഇന്നലെ നൂറിലധികം പ്രവ ർത്തകരാണ് വിവിധ ഹബ്ബുകളിലായി സന്നദ്ധസേവനത്തിനെത്തിയത്. കളക്ടറേറ്റിലെത്തുന്ന സന്നദ്ധപ്രവർത്തകരെ വാഹനങ്ങളിൽ വിവിധ ഹബ്ബുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. സന്നദ്ധ പ്രവർത്തകർ ഏറ്റവും അടുത്തുള്ള ഹബ്ബുകളിൽ എത്തുകയാണെങ്കിൽ അവിടെ സേവനം നൽകുകയോ തൊട്ടടുത്ത ക്യാമ്പുകളിൽ ആവശ്യമായ സഹായങ്ങൾ എത്തിക്കുകയോ ചെയ്യാം. ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം കൂടുതലായതിനാൽ കൂടുതൽ സന്നദ്ധ പ്രവർത്തകരുടെ സേവനം ലഭിക്കുന്നത് ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഏറെ ആശ്വാസമാകും. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലെയും പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് മൂന്ന് ഉദ്യോഗസ്ഥരെ വീതം നിയോഗിച്ചിട്ടുണ്ട്. ഇവർ എല്ലാവരും ഇന്ന് (19)ഉച്ചയോടെ അതത് ക്യാമ്പുകളിലെത്തും. ഉദ്യോഗസ്ഥരോടൊപ്പം സന്നദ്ധ പ്രവ ർത്തകരുടെ സേവനം കൂടിയാകുമ്പോൾ ക്യാമ്പുകളിലെ സ്ഥിതി മെച്ചപ്പെടുത്തുവാൻ കഴിയും. ഹബ്ബുകളിൽ എത്താതെ ക്യാമ്പുകളിൽ നേരിട്ട് സേവനങ്ങൾ എത്തിക്കുന്ന

അനേകം വ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും പ്രവർത്തനം ജില്ലയിലെ എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും നടക്കുന്നുണ്ട്. (പിഎൻപി 2309/18)






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 19 | |
|---|---|
| **August 19** | **2018** |

***1193 ചിങ്ങം 3 ഞായർ***

# പത്രക്കുറിപ്പ് 4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**അപ്പർക്കുട്ടനാട്ടിൽ രക്ഷാപ്രവർത്തനം ഊർജിതം: ജില്ലാ കളക്ടർ**

അപ്പർകുട്ടനാട്ടിൽ കുടുങ്ങിക്കിടക്കുന്ന മുഴുവൻ പേരെയും ഇന്നു വൈകുന്നേരത്തോടെ രക്ഷപ്പെടുത്താൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് ജില്ലാകളക്ടർ പി.ബി നൂഹ് പറഞ്ഞു. ഇതിനായി നിലവിൽ രക്ഷാപ്രവർത്തനം നടത്തുന്ന ബോട്ടുകൾക്കു പുറമേ നേവിയുടെ പതിനഞ്ച് ബോട്ടുകൾ വ്യോമ മാർഗം ഇറക്കും. എൻഡിആർഎഫിന്റെ 12 ബോട്ടുകൾ രാവിലെ തന്നെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആർമിയുടെ 10 ബോട്ടുകൾ ഇന്നലെ രാത്രി എത്തിയിരുന്നു. നേവിയുടെ രണ്ട് ബോട്ടുകൾ നിലവിൽ രക്ഷാപ്രവർത്തനം നടത്തി വരികയാണ്. 39 മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും രക്ഷാ പ്രവർത്തനത്തിനുണ്ട്. ബിലീവേഴ്സ് ചർച്ചിന്റെ അഞ്ച് സ്പീഡ് ബോട്ടുകളും ഏഴ് സ്വകാര്യ സ്പീഡ് ബോട്ടുകളും രക്ഷാപ്രവർത്തനത്തിനുണ്ട്. ഭക്ഷണം മാത്രം മതി എന്നാവശ്യപ്പെടുന്നവർക്കായി ഇന്ത്യൻ വ്യോമസേനയുടെ രണ്ട് ഹെലികോപ്ടറുകളും ഭക്ഷണം എത്തിക്കുന്നുണ്ട്. കൂടാതെ ഒഎൻജിസിയുടെ ഹെലികോപ്ടറും എത്തുന്നുണ്ട്.

ജില്ലയിൽ ആകെ 515 ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. ആകെ 75,451 പേർ വിവിധ ക്യാമ്പുകളിലായി ഉണ്ട്. ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ ചുമലപ്പെടുത്തുകയും കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന് പുറമേ വിദ്യാഭ്യാസ വകുപ്പിലെയും കൃഷി വകുപ്പിലെയും ഉദ്യോഗസ്ഥരെയാണ് കൂടുതലായും നിയോഗിച്ചിട്ടുള്ളത്. കൂടാതെ മറ്റ് വകുപ്പിൽ നിന്നുകൂടി ഉദ്യോഗസ്ഥരെ നിയമിക്കും. ക്യാമ്പിൽ കഴിയുന്നവർക്കായി ഭക്ഷണവും വസ്ത്രവും എത്തിക്കുന്നതിനായി ഫുഡ് ഹബ് തുടങ്ങിയിട്ടുണ്ട്. അടൂർ

വഴിയാണ് ദുരിതാശ്വാസ സഹായങ്ങൾ കൂടുതലായി എത്തുന്നത് എന്നതിനാൽ അവിടെയാണ് പ്രധാന ഫുഡ് ഹബ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വളരെയേറെ സഹായങ്ങൾ ഇവിടേക്ക് എത്തുന്നുണ്ട്.

ക്യാമ്പിലുള്ളവർക്ക് വൈദ്യസഹായം എത്തിക്കുന്നതിനായി മെഡിക്കൽ ഹബും സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കു പുറമേ നൂറിലധികം ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളും മെഡിക്കൽ ഹബിന്റെ പ്രവർത്തനത്തിനായി ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും വിട്ടു തരുന്നുണ്ട്. പൊലീസ്, ഫയർഫോഴ്സ്, റവന്യൂ, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകളുടെ കൂട്ടായ പ്രയത്നമാണ് നടന്നു വരുന്നതെന്നും കളക്ടർ പറഞ്ഞു. (പിഎൻപി 2310/18)

## എയർഫോഴ്സിന്റെ ഹെലികോപ്ടർ അപ്പർകുട്ടനാട്ടിൽ

എയർഫോഴ്സിന്റെ ഒരു ഹെലികോപ്ടർ അപ്പർകുട്ടനാട്ടിൽ ഇന്നു രാവിലെ മുതൽ ഭക്ഷണ വിതരണം നടത്തിവരുന്നു. ഭക്ഷണം വിതരണം ചെയ്തതിനു ശേഷം കുടുങ്ങി കിടക്കുന്നവരെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനത്തേക്കു മാറ്റുന്നുണ്ട്. ഇതിനു പുറമേ കൊച്ചിയിൽ നിന്നും ഒഎൻജിസിയുടെ ഒരു ഹെലികോപ്ടർ കൂടി ഭക്ഷണ വിതരണത്തിനായി എത്തുന്നുണ്ട്. അപ്പർകുട്ടനാട്ടിൽ കുടുങ്ങി കിടക്കുന്നവർക്ക് ഭക്ഷണം എത്തിക്കുന്നതിനും ഒറ്റപ്പെട്ടവരെ പുറത്തെത്തിക്കുന്നതിനും ഹെലികോപ്ടർ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഏറെ സഹായകമാകുന്നുണ്ട്. (പിഎൻപി 2311/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 19<br>August 19 | 2018 |
| --- | --- |

***1193 ചിങ്ങം 3 ഞായർ***

# പത്രക്കുറിപ്പ് 5

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജലനിരപ്പ് താഴുന്നു; ദുരിതാശ്വാസ പ്രവർത്തനം പൂർണതോതിൽ**
**75536 പേർ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ**

ജില്ലയിലെ നദികളിലെ ജലനിരപ്പ് താഴുന്ന സാഹചര്യത്തിൽ വിവിധ പ്രദേശങ്ങളിൽ നിന്ന് ജലം ഇറങ്ങിത്തുടങ്ങി. തിരുവല്ല അപ്പർകുട്ടനാട്ടിലും ആറന്മുളയിലും രക്ഷാപ്രവർത്തനങ്ങൾ പൂർണതോതിൽ നടന്നുവരികയാണ്. തിരുവല്ലയിൽ മാത്രം 56 ബോട്ടുകൾ രക്ഷാപ്രവർത്തനങ്ങൾ നടത്തിവരികയാണ്. പത്തനംതിട്ടയിലും റാന്നിയിലും പ്രവർത്തനം കഴിഞ്ഞ ഏഴ് ബോട്ടുകൾ കൂടി തിരുവല്ലയിലേക്ക് അയച്ചിട്ടുണ്ട്. 516 ദുരിതാശ്വാസ ക്യാമ്പുകളിലായി 75536 ആളുകളാണ് ഇപ്പോൾ കഴിയുന്നത്. തിരുവല്ലയിൽ 275 ക്യാമ്പുകളിലായി 44370 പേരും കോഴഞ്ചേരിയിൽ 103 ക്യാമ്പുകളിലായി 15049 പേരും റാന്നിയിൽ 45 ക്യാമ്പുകളിലായി 5856 ആളുകളും കോന്നിയിൽ 39 ക്യാമ്പുകളിലായി 4255 പേരും അടൂരിൽ 26 ക്യാമ്പുകളിലായി 4305 പേരും മല്ലപ്പള്ളിയിൽ 28 ക്യാമ്പുകളിലായി 1341 പേരുമാണ് കഴിയുന്നത്. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും മൊബൈൽ മെഡിക്കൽ ടീമുകൾ പ്രവർത്തനം തുടങ്ങി. വിവിധ ഏജൻസികളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും 39 ട്രക്കുകളിൽ ഭക്ഷണസാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും ലഭ്യമായി. ദുരിതാശ്വാസ പ്രവർത്തനത്തിന് ലഭ്യമാകുന്ന സാധന സാമഗ്രികൾ അടൂർ മർത്തോമ യൂത്ത് സെന്ററിൽ പ്രവർത്തിക്കുന്ന സെൻട്രൽ ഹബ്ബിലാണ് ശേഖരിച്ച് വിതരണം നടത്തുന്നത്.

ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന ആളുകളെ രക്ഷപ്പെടുത്തി ക്യാമ്പുകളിൽ എത്തിച്ചിട്ടുള്ള

സാഹചര്യത്തിൽ ക്യാമ്പുകളിലാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. എല്ലാ ക്യാമ്പുകളിലേക്കും മൂന്ന് സർക്കാർ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. റവന്യു വകുപ്പിലെയും പഞ്ചായത്ത് വകുപ്പിലെയും ജീവനക്കാർക്ക് മാത്രമായി ക്യാമ്പുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കഴിയില്ല. ഈ സാഹചര്യത്തിലാണ് വിവിധ വകുപ്പുകളിൽ നിന്നുള്ള 1500 ഉദ്യോഗസ്ഥരെ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ളത്. ക്യാമ്പുകളിലേക്ക് നിയോഗിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ഇന്ന് വൈകുന്നേരത്തോടെ ക്യാമ്പുകളിലെത്തി പ്രവർത്തനം ആരംഭിക്കും. 400 ആളുകളിൽ കൂടുതൽ കഴിയുന്ന ക്യാമ്പുകളെ വിഭജിച്ച് പുതിയ ക്യാമ്പുകൾ ആരംഭിക്കും.

ഇപ്പോഴും ഒറ്റപ്പെട്ട പ്രദേശങ്ങളിലുള്ളവർക്ക് വ്യോമമാർഗം ഭക്ഷണം നൽകുകയും ഇവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനുള്ള രക്ഷാപ്രവർത്തനങ്ങളും നടന്നുവരുന്നു. വായുസേനയുടെ ഒരു ഹെലികോപ്റ്റർ അപ്പർകുട്ടനാട്ടിൽ ഭക്ഷണവിതരണം നടത്തുന്നുണ്ട്.

(പിഎൻപി 2312/18)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 19<br>August 19 | 2018 |
|---|---|

***1193 ചിങ്ങം 3 ഞായർ***

# പത്രക്കുറിപ്പ് 6

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**പ്രളയദുരിതം : ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഒരു മാസത്തെ മാസ്റ്റർ പ്ലാൻ - ആരോഗ്യ വകുപ്പ് മന്ത്രി**

സംസ്ഥാനത്തെ പ്രളയ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് അടുത്ത ഒരു മാസം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം ആരോഗ്യ വകുപ്പ് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ആരോഗ്യ വകുപ്പിലെ ജീവനക്കാരെ മാത്രം ഉപയോഗിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കഴിയില്ല. ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതോടൊപ്പം ജില്ലയിലെ 515 ക്യാമ്പുകളിലും ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായി മെഡിക്കൽ കോളേജിലെ പി.ജി.വിദ്യാർഥികളുടെയും നഴ്സിംഗ് വിദ്യാർഥികളുടെയും സേവനം കൂടി ഉപയോഗപ്പെടുത്തും. വിവിധ സ്വകാര്യ ആശുപത്രികൾ മെഡിക്കൽ ടീമുകളെ വിട്ടുനൽകിയിട്ടുണ്ട്. തിരുവല്ലയിലെ ബിലീവേഴ്സ് ആശുപത്രി, തിരുവനന്തപുരം കിംസ് ആശുപത്രി, ഐഎംഎ തുടങ്ങി നിരവധി ആശുപത്രികളും സംഘടനകളും മെഡിക്കൽ ടീമുകളെ നിയോഗിക്കുന്നുണ്ട്. ഇത്തരത്തിലുള്ള മെഡിക്കൽ ടീമുകളുടെ ഏകോപനം കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമായതിനാൽ ജില്ലാ മെഡിക്കൽ ഓഫീസ്

കേന്ദ്രീകരിച്ച് കൺട്രോൾ റൂം തുറക്കും. സേവനത്തിനെത്തുന്ന എല്ലാ മെഡിക്കൽ ടീമുകളും ഈ കൺട്രോൾ റൂമിൽ രജിസ്റ്റർ ചെയ്ത ശേഷം ഇവിടെനിന്നുള്ള നിർദേശപ്രകാരം ക്യാമ്പുകളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകണം.

മരുന്നുകളുടെ അഭാവം ഉണ്ടാകാതിരിക്കാൻ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ അവശ്യമരുന്നുകൾ അധികമായി ശേഖരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഓക്സിജൻ സിലിണ്ടറുകളുടെ ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലെയും ആരോഗ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തും. ജെഎച്ച്ഐമാർ, എച്ച്ഐമാർ, ജെപിഎച്ച്എൻമാർ, ആശ പ്രവർത്തകർ തുടങ്ങിയവരെയായിരിക്കും ഇതിനായി നിയോഗിക്കുക.

ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉടൻ തുറന്നുപ്രവർത്തിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിൽ ചില ആരോഗ്യ കേന്ദ്രങ്ങൾ വെള്ളത്തിലാണ്. ഇത്തരം കേന്ദ്രങ്ങളിലെ ഡോക്ടർമാർ തൊട്ടടുത്തുള്ള ഏതെങ്കിലും കെട്ടിടത്തിൽ താത്ക്കാലിക സംവിധാനം ഏർപ്പെടുത്തി പ്രവർത്തിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നിർവഹിക്കേണ്ടതിനാൽ അവധിയിലുള്ള ജീവനക്കാരെ തിരിച്ചുവിളിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിലെയും ആയുഷിലെയും ഡോക്ടർമാരുടെ സേവനവും ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തും. രക്ഷാ പ്രവർത്തനം പൂർത്തിയാകുന്നതോടെ പിന്നീട് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനും ജനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള നടപടികളിലുമാണ്.

മാലിന്യനിർമാർജനമാണ് ഏറ്റവും ഗൗരവമായി കാണേണ്ട മറ്റൊരു പ്രശ്നം. വെള്ളപ്പൊക്കത്തിൽ മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇവയുടെ മൃതശരീരങ്ങൾ വെള്ളം ഇറങ്ങുന്നതോടെ വിവിധ സ്ഥലങ്ങളിൽ അടിയും. ഇത് ശരിയായ രീതിയിൽ സംസ്കരിച്ചില്ലെങ്കിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ സന്നദ്ധസംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ മൃഗങ്ങളുടെ മൃതശരീരങ്ങൾ കത്തിച്ചുകളയുന്നതിനുള്ള നടപടികൾ ഉണ്ടാകണം. വെള്ളക്കെട്ട് ഉള്ളതിനാൽ ഇവ മറവ് ചെയ്യുന്നത് ബുദ്ധിമുട്ടായിരിക്കും.

ജലസ്രോതസ്സുകൾ മലിനമായതിനാൽ ജലജന്യരോഗങ്ങൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യത മുന്നിൽക്കണ്ട് ഇതിന് അനുസൃതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവയ്ക്കെതിരെ ജാഗ്രത പാലിക്കണം. തിളപ്പിച്ചാറിയ ജലം മാത്രമേ കുടിക്കാവൂ എന്ന് ജനങ്ങളെ ബോധവത്ക്കരിക്കണം.

വിവിധ സന്നദ്ധസംഘടനകളും ഏജൻസികളും ധാരാളം മരുന്നുകൾ എത്തിച്ചിട്ടുണ്ട്. ഇവയെല്ലാം തരംതിരിച്ച് ആവശ്യമായ സ്ഥലങ്ങളിലേക്ക് നൽകേണ്ടതുണ്ട്. ലഭ്യമായ മരുന്നുകളുടെ കൂട്ടത്തിൽ കാലാവധി കഴിഞ്ഞവ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷമായിരിക്കും ഇവ വിതരണം ചെയ്യുക. ലഭിച്ചിട്ടുള്ള മരുന്നുകൾ ശേഖരിച്ച് മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴിയായിരിക്കും വിതരണം നടത്തുക.

ഏതെങ്കിലും ദുരിതാശ്വാസ ക്യാമ്പിൽ ഒറ്റപ്പെട്ട പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്താൽ അവശ്യമായ മരുന്നുകൾ നൽകി ഇവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. ജില്ലയിലെ ജനസംഖ്യയുടെ 10 ശതമാനത്തോളം ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയും ഭൂരിപക്ഷം ആളുകളെയും പ്രളയക്കെടുതി ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ വരുന്ന ഒരു മാസം ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് ആവശ്യം. ഇതിന് ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെയും സ്വകാര്യ ആശുപത്രികളുടെയും സന്നദ്ധ

സംഘടനകളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള എല്ലാ നടപടികളും ആരോഗ്യവകുപ്പ് ഏറ്റെടുക്കുമെന്നും മന്ത്രി അറിയിച്ചു.

യോഗത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്പെഷ്യൽ ഓഫീസർ എസ്.ഹരികിഷോർ, ആരോഗ്യ വകുപ്പ് ഡയറക്ടർ ആർ.എൽ.സരിത, അസാപ് സിഇഒ ഹരിത വി.കുമാർ, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.എ.എൽ.ഷീജ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2313/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലയിലെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ വിലയിരുത്തുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

